2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സാന്ത്വനം പദ്ധതി

4 (*484) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാന്ത്വനം പദ്ധതിവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) എല്ലാവർക്കും പാർപ്പിടം ലഭിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഒരുക്കിയിരിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് താമസസൗകര്യം ലഭ്യമാക്കുന്നതിനാണ് സാന്ത്വനം പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) ഈ പദ്ധതി മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും കുറഞ്ഞ വാടകയ്ക്ക് താമസസൗകര്യം ലഭ്യമാക്കാനുള്ള പദ്ധതിയായതിനാൽ പദ്ധതിയിലൂടെ സ്ഥിരമായി പാർപ്പിടം ലഭ്യമാകുന്നതല്ല.

(സി) 2015-16 വർഷത്തെ ബഡ്ജറ്റിൽ 750 ലക്ഷം രൂപ സാന്ത്വനം പദ്ധതിക്കായി പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. ടി ഇക വിനിയോഗിച്ച് ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപമുള്ള ഭൂമിയിൽ സാന്ത്വനം വാടക വീട് പദ്ധതിയിലൂടെ ആദ്യഘട്ടമായി 44 യൂണിറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly